പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

27-03-2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 5479

**കോങ്ങാട് മണ്ഡലത്തിലെ പ്രവർത്തികൾ**

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ എന്തെല്ലാം പ്രവർത്തികളാണ് നടത്തിവരുന്നത്; വിശദവിവരം നൽകുമോ; | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 5 കുളങ്ങളുടെ പുനരുദ്ധാരണം നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 21-ാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ 251 ലക്ഷം രൂപ അടങ്കലുള്ള ഇരുമ്പാമുട്ടി നീർത്തട പദ്ധതിയിൽ തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലായി 123.32 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, പാർശ്വഭിത്തി സംരക്ഷണം, ചെറിയ തടയണകൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>തച്ചമ്പാറ, അഗളി പഞ്ചായത്തുകളിൽ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെട്ട 143 ലക്ഷം രൂപ അടങ്കലുള്ള കല്ലാർപുഴ പദ്ധതിയിൽ 131.96 ലക്ഷം രൂപ ചെലവഴിച്ച് ഗ്രേഡഡ് ബണ്ട്, പാർശ്വഭിത്തി സംരക്ഷണം, ചെറിയ തടയണകൾ, ഫലവൃക്ഷത്തൈ നടീൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി.<br>തച്ചമ്പാറ പഞ്ചായത്തിലെ അച്ചിലട്ടി ട്രൈബൽ കോളനിയിൽ 6 ലക്ഷം രൂപ അടങ്കലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി ട്രൈബൽ വകുപ്പിന്റെ ധനസഹായത്തോടെ 5.61 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, പാർശ്വഭിത്തി സംരക്ഷണം, |

| | | | |
|---|---|---|---|
| | | | മഴക്കുഴി, ഫലവൃക്ഷതൈ നടീൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>നിരവ് വാക്കോടൻ ട്രൈബൽ കോളനിയിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ പര്യവേഷണ മണ്ണ സംരക്ഷണ വകുപ്പിന് 11 ലക്ഷം രൂപ അനുവദിച്ചിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.<br>കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പറളി പഞ്ചായത്തിൽ 5149 സോയിൽ ഹെൽത്ത് കാർഡുകൾ തയ്യാറാക്കി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | കൃഷിയ്ക്കും ഇറിഗേഷനുമായി എത്ര രൂപ എത്ര പ്രവൃത്തികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മണ്ഡലത്തിൽ വിനിയോഗിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ? | (ബി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ് പദ്ധതികൾ, ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, അച്ചിലട്ടി ട്രൈബൽ കോളനിയിലെ മണ്ണ് ജല സംരക്ഷണ പദ്ധതി എന്നിവയിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോങ്ങാട് മണ്ഡലത്തിൽ 337.71 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>കൃഷിയ്ക്കും ഇറിഗേഷനുമായി കോങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ചെലവായ തുക അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.<br>ഇതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പു മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ചെലവായ തുക അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം I</u>

| ക്രമ നമ്പർ | കുളത്തിന്റെ പേര് | പഞ്ചായത്ത് | ബ്ലോക്ക് | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|---|---|
| 1 | വെളുങ്ങോട്ടു കുളം | കാരാക്കുറിശ്ശി | മണ്ണാർക്കാട് | 6.31 | 4.89 |
| 2 | പുത്തൻ കുളം (കിരാതമൂർത്തി കുളം) | തച്ചമ്പാറ | മണ്ണാർക്കാട് | 26.24 | 20.88 |
| 3 | എരുമാടിച്ചോല കവരമുണ്ടകുളം | തച്ചമ്പാറ | മണ്ണാർക്കാട് | 26.27 | 22.41 |
| 4 | കനിനായ് കൊക്കഞ്ചിറ കുളം | കാഞ്ഞിരപുഴ | മണ്ണാർക്കാട് | 18.93 | 15.83 |
| 5 | പാർളി കുളം | മങ്കര | മണ്ണാർക്കാട് | 14.20 | 13.26 |
| | ആകെ | | | **91.95** | **77.27** |

സെക്ഷൻ ഓഫീസർ

അനുബന്ധം II

| ക്രമ നം. | വർഷം | ബ്ലോക്കിന്റെ പേര് | ചെലവായ തുക |
|---|---|---|---|
| 1 | 2017-18 | പാലക്കാട് | 1,40,13,218 |
| 2 | 2016-17 | മണ്ണാർക്കാട് | 15,10,354 |
| | 2017-18 | മണ്ണാർക്കാട് | 93,06,570 |
| 3 | | ശ്രീകൃഷ്ണപുരം | 12,60,010 |
| | **ആകെ** | | **2,60,90,152** |

സെക്ഷൻ ഓഫീസർ

അനുബന്ധം III

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | നബാർഡ് XVI ഭാരതപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം-മങ്കര പഞ്ചായത്തിലെ പുതുക്കോട് ഭാഗം | 51,73,284/- രൂപ |
| 2 | പി.എം 2014-15—കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ കാഞ്ഞിരം പൂഞ്ചോല പാമ്പാൻതോട് ഡൈവർഷൻ സ്കീമിന്റെ കനാൽ റോഡ് | 22,01,465/-രൂപ |
| 3 | ബഡ്ജറ്റ് വർക്ക്-കാരാക്കുറിശ്ശി പഞ്ചായത്തിലെ ചൂരിയോട് പുഴയ്ക്കു കുറുകെ ചെക്ക് ഡാം നിർമ്മാണം (കാരപ്പൊറ്റ-കുണ്ടുകണ്ടം) | 58,91,102/-രൂപ |
| 4 | ഡി.ആർ.ഡബ്ല്യൂ-പറളി പഞ്ചായത്തിലെ കുത്തുപറമ്പ് ചെക്ക് ഡാമിനു കുറുകെ താൽക്കാലിക റിങ്ങ് ബണ്ട് നിർമ്മാണം (കൽപ്പാത്തിപുഴ) | 49,975/-രൂപ |
| 5 | ഡി.ആർ.ഡബ്ല്യൂ-പറളി പഞ്ചായത്തിലെ പറളി ചെക്ക് ഡാമിനു കുറുകെ താൽക്കാലിക റിങ്ങ് ബണ്ട് നിർമ്മാണം (കൽപ്പാത്തിപുഴ) | 49,799/-രൂപ |
| 6 | ഡി.ആർ.ഡബ്ല്യൂ-കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പള്ളിക്കാട്ടിൽ ചെക്ക് ഡാമിനു കുറുകെ താൽക്കാലിക തടയണ നിർമ്മാണം | 49,805/-രൂപ |
| 7 | ഡി.ആർ.ഡബ്ല്യൂ-കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ചൂരിയോട് മഠത്തിൻകുണ്ടിൽ താൽക്കാലിക തടയണ നിർമ്മാണം | 49,455/-രൂപ |
| 8 | ഡി.ആർ.ഡബ്ല്യൂ-കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ചൂരിയോട്ടിൽ താൽക്കാലിക തടയണ നിർമ്മാണം | 49,295/-രൂപ |
| 9 | എഫ്.ഡി 2015-16 കാരാക്കുറിശ്ശി പഞ്ചായത്തിലെ വാർഡ് നമ്പർ 12 ൽ ചിറക്കൽ കുന്ന് പല്ലം തിട്ടതോട് സൈഡ് ഭിത്തി നിർമ്മാണം. | 10,98,114/-രൂപ |

Jessy Jose

സെക്ഷൻ ഓഫീസർ